ഭരണഭാഷ – മാതൃഭാഷ
പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ
തിരുവനന്തപുരം–695003, ഫോൺ: 0471-2727255, 2314526
വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in
ഇ-മെയിൽ: pd.lsgd@kerala.gov.in

നമ്പർ:LSGD/PD/30562/2025-GEA3 തീയതി: 25-10-2025

# നോട്ടീസ്

വിഷയം: ത.സ്വ.ഭ.വ.-പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - മുൻ പഞ്ചായത്ത് വകുപ്പിലെ ഹെഡ്ക്ലർക്ക് ശ്രീ.ഷാജി.കെ.കെ-യുടെ സീനിയർക്ലർക്ക് തസ്തികയിലെ ഉദ്യോഗകയറ്റതീയതി പുനക്രമീകരിച്ചതിന് അനുസൃതമായി സീനിയർക്ലർക്ക് തസ്തികയിലെ സീനിയോരിറ്റി പുനക്രമീകരിക്കുന്നത് സംബന്ധിച്ച്.

സൂചന:
1. പ്രിൻസിപ്പൽ ഡയറക്ടറുടെ 21.09.2025 തീയതിയിലെ LSGD/PD/22130/2024-DEC5 നമ്പർ ഉത്ത
2. പഞ്ചായത്ത് ഡയറക്ടറുടെ 10.10.2013-ലെ ഇ4.04/2012 നമ്പർ ഉത്തരവ്.
3. പഞ്ചായത്ത് ഡയറക്ടറുടെ 23.05.2018-ലെ ഇ5.38675/2017 നമ്പർ ഉത്തരവ്.
4. കണ്ണൂർ ജില്ലാ ജോയിന്റ് ഡയറക്ടറുടെ 10-10-2025 തീയതിയിലെ LSGD/JD/KNR/4311/2025-I കത്ത്

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഭാഗമായ മുൻ പഞ്ചായത്ത് വകുപ്പിൽ ഹെഡ്ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.ഷാജി.കെ.കെ -യുടെ സീനിയർ ക്ലർക്ക് തസ്തികയിലെ ഉദ്യോഗകയറ്റ പ്രാബല്യതീയതി സൂചന(1) പ്രകാരം 15.06.2013 ആയി പുനർ നിർണ്ണയിച്ച് ഉത്തരവായിട്ടുള്ളത്. സൂചന(2) ഉത്തരവ് പ്രകാരം സീനിയർ ക്ലർക്ക് തസ്തികയിലേക്ക് ഉദ്യോഗകയറ്റം ലഭിച്ച ശ്രീ.ഷാജി.കെ.കെ സൂചന(3) സീനിയോരിറ്റി പട്ടികയിൽ നിലവിൽ ക്രമനം.2428 ആയാണ് ഉൾപ്പെട്ടിട്ടുള്ളത്.സീനിയർ ക്ലർക്ക് തസ്തികയിലെ ശ്രീ.ഷാജി.കെ.കെ-യുടെ സീനിയോരിറ്റി സൂചന(1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുനക്രമീകരിക്കണമെന്ന് ആവശ്യപ്പെട്ട് സൂചന(4)പ്രകാരം കണ്ണൂർ ജില്ലായോയിന്റ് ഡയറക്ടർ മുഖാന്തിരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ആയതിന്റെ അടിസ്ഥാനത്തിൽ 15.06.2013-ന് സ്ഥാനക്കയറ്റം ലഭിച്ചവരോടൊപ്പം ഫീഡർ കാറ്റഗറിയായ ക്ലർക്ക് തസ്തികയിലെ സീനിയോറിറ്റി ക്രമമായ 2561 -ന് അനുസൃതമായി ക്രമനം.1024 ശ്രീമതി.പുഷ്പ ചക്കനാട്ട് (ഫീഡർ കാറ്റഗറിനം.2527) ക്രമനം.1025 ശ്രീമതി.ഷൈന.കെ (ഫീഡർ കാറ്റഗറിനം.2568) നും ഇടയിൽ ക്രമനം.1024 എ ആയി ക്രമീകരിക്കാവുന്നതാണ്. ടി സീനിയോറിറ്റി പട്ടികയിൽ ശ്രീ.ഷാജി.കെ.കെ നിലവിൽ ഉൾപ്പെട്ട **ക്രമ നം.2428 DELETED** എന്നും രേഖപ്പെടുത്തുന്നതിനും താതകാലികമായി തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത താത്കാലിക തീരുമാനത്തിൽ ആക്ഷേപമുള്ള ജീവനക്കാർ തങ്ങളുടെ ആക്ഷേപം ആവശ്യമായ അനുബന്ധ രേഖകൾ സഹിതം ഈ നോട്ടീസ് തീയതി മുതൽ 15 ദിവസത്തിനുള്ളിൽ ഉചിതമാർഗ്ഗേന ഈ ഓഫീസിൽ ലഭ്യക്കേണ്ടതാണ്. നിശ്ചിത തീയതിയക്കുള്ളിൽ ആക്ഷേപം ലഭ്യമാകാത്ത പക്ഷം മറ്റൊരു അറിയിപ്പ് കൂടാതെ താതാകാലിക തീരുമാനം സ്ഥിരപ്പെടുത്തി അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

Prasannakumar V D
SENIOR ADMINISTRATIVE OFFICER

ഉള്ളടക്കം :
1. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
2. ശ്രീ.ഷാജി.കെ.കെ.,(ജില്ലാ ജോയിന്റ് ഡയറക്ടർ മുഖാന്തിരം)
3. സീനിയർ സൂപ്രണ്ട്,IE-സെക്ഷൻ

4. സിസ്റ്റം സൂപ്പർവൈസർ(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. കരുതൽ/അധികം

Signed by Prasannakumar.
V. D
Date: 25-10-2025 11:36:04